"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

**വ്യവസായ വകുപ്പ്-** വഴി നിർമ്മിക്കുന്നതിനായി സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിന് അനുമതി ആവശ്യപ്പെട്ട് ശ്രീമതി.സരസി രാജൻ, ആണത്ത് വീട്, പി,ജെ ആന്റണി റോഡ്, പാലാരിവട്ടം, എറണാകുളം സമർപ്പിച്ച അപേക്ഷ കെ.എം.എം.സി ചട്ടങ്ങളിലെ ചട്ടം 104 പ്രകാരം പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1555/2025/ID തീയതി,തിരുവനന്തപുരം, 31-12-2025

---

പരാമർശം:-

1. കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ
2. 01/04/2024-തീയതിയിൽ ശ്രീമതി.സരസി രാജൻ, ആണത്ത് വീട്, പി,ജെ ആന്റണി റോഡ്, പാലാരിവട്ടം, എറണാകുളം സമർപ്പിച്ച അപേക്ഷ
3. ഫോർട്ടുകൊച്ചി സബ് കളക്ടറുടെ RDOCHN/2899/2024-P1 നമ്പർ നിരാക്ഷേപ സാക്ഷ്യപത്രം
4. 11.06.2025, 28.10.2025 തീയതികളിലെ എറണാകുളം ജില്ലാ ജിയോളജിസ്റ്റിന്റെ ഡിഇഇആർഎൻ-ഡിഎംജി/588/2024-എംഡിഇ നമ്പർ കത്തുകൾ
5. മൈനിംഗ് & ജിയോളജി ഡയറക്ടറുടെ 19/11/2025-ലെ DMG/1695/2025-M2 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

വഴി നിർമ്മിക്കുന്നതിനായി സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിന് കെ.എം.എം.സി ചട്ടങ്ങളിലെ ചട്ടം 104 പ്രകാരം പ്രത്യേക അനുമതി ആവശ്യപ്പെട്ട് പരാമർശം (2) പ്രകാരം ശ്രീമതി.സരസി രാജൻ, ആണത്ത് വീട്, പി,ജെ ആന്റണി റോഡ്, പാലാരിവട്ടം, എറണാകുളം അപേക്ഷ സമർപ്പിച്ചിരുന്നു.

2. എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ കൈപ്പട്ടൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 27ൽ റീസർവേ നമ്പർ 92/3-4-2ൽ പ്പെട്ടതും ശ്രീമതി സരസി രാജൻ, ആണത്ത് വീട്, പി.ജെ. ആൻറണി റോഡ്, പാലാരിവട്ടം, എറണാകുളത്തിന്റെ ഉടമസ്ഥതയിലുള്ളതുമായ സ്ഥലത്ത് വഴി നിർമ്മിക്കുന്നതിന് പ്രസ്തുതസ്ഥലത്തുനിന്നും സാധാരണമണ്ണ് നീക്കം ചെയ്യുന്നതിന് അനുമതി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി സരസി രാജൻ എന്ന വ്യക്തി പരാമർശം (2) പ്രകാരം 01/04/2024-ൽ മൈനിംഗ് & ജിയോളജി തിരുവനന്തപുരം ജില്ല ആഫീസിൽ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലാ ഓഫീസിൽ നിന്നും 20.05.2024ന്

സ്ഥലപരിശോധന നടത്തുകയും തുടർന്ന് നീക്കം ചെയ്യേണ്ട മണ്ണിന്റെ അളവ് തിട്ടപ്പെടുത്തുന്നതിനായി ജില്ലാ ഓഫീസിൽ നിന്നും 23.10.2025ന് വീണ്ടും പ്രസ്തുത സ്ഥലം പരിശോധിക്കുകയും, പരിശോധനയിൽ അപേക്ഷാസ്ഥലം ആരക്കുന്നം-ഒലിപ്പുറം റോഡിന് വലതുവശത്ത് റോഡിൽ നിന്നും 1.5 മീറ്ററോളം ഉയർന്നു സ്ഥിതി ചെയ്യുന്നതും 5 മീറ്റർ വീതിയിലും 100 മീറ്ററോളം നീളത്തിലും ഉള്ളതുമായ വസ്തുവാണ് എന്നും ടി സ്ഥലത്തിന് പുറക് വശത്തായി പൈനാപ്പിൾ കൃഷി ചെയ്തുവരുന്നു എന്നും കാണുകയുണ്ടായെന്നും അപേക്ഷാ സ്ഥലത്തുനിന്നും മണ്ണ് ഖനനം ചെയ്ത് നീക്കി സ്ഥലത്തിന്റെ പുറകു വശത്തുള്ള കൃഷി ഭൂമിയിലേക്ക് എത്തിച്ചേരുന്നതിന് വഴി നിർമ്മിക്കുന്നതിനായാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നതെന്നും ആയത് പരിശോധിച്ചതിൽ അപേക്ഷക ഹാജരാക്കിയ മണ്ണിന്റെ അളവ് സംബന്ധിച്ച ലൈസൻസിയുടെ പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്ന 794 ക്യൂബിക് മീറ്റർ മണ്ണ് നീക്കം ചെയ്താൽ മാത്രമേ ടി സ്ഥലത്ത് വഴി നിർമ്മിക്കുന്നതിന് സാധ്യമാകു എന്ന് ബോധ്യപ്പെട്ടതായി ജില്ലാ ജിയോളജിസ്റ്റ് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അപേക്ഷാ വസ്തുവിൽ നിന്നും മണ്ണ് നീക്കുന്നതിന് തടസമില്ല എന്ന എടക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 24-09-2025 തീയതിയിൽ അനുവദിച്ച 4729901-2025 നമ്പർ സാക്ഷ്യപത്രം അപേക്ഷക ഹാജരാക്കിയിട്ടുണ്ടെന്നും കൂടാതെ അപേക്ഷാ സ്ഥലത്ത് നിന്നും മണ്ണ് നീക്കം ചെയ്യുന്നത് സമീപ വസ്തുക്കളുടെ ലാറ്ററൽ സപ്പോർട്ട് നഷ്ടപ്പെടും എന്ന് കണ്ടതിനാൽ എറണാകുളം ജിയോളജിസ്റ്റ് ആവശ്യപ്പെട്ടതനുസരിച്ച് സമീപ വസ്തു ഉടമകളുടെ നോട്ടറി സക്ഷ്യപ്പെടുത്തിയ സമ്മതപത്രം അപേക്ഷക ഹാജരാക്കിയിട്ടുണ്ട്. കൊമേഴ്ഷ്യൽ കെട്ടിടങ്ങളുടെ നിർമ്മാണത്തിന്റെ ഭാഗമായി സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിന് അനുമതി നൽകുവാൻ കെ എം എം സി ചട്ടങ്ങളിൽ പ്രത്യേക വ്യവസ്ഥകൾ ഇല്ലാത്തതിനാൽ സർക്കാരിന്റെ പ്രത്യേക അനുമതിക്കായി ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസറുടെ NOC അപേക്ഷക സമർപ്പിച്ചിട്ടുണ്ടെന്നും, കൂടാതെ അപേക്ഷകയുടെ തിരിച്ചറിയൽ രേഖയുടെ പകർപ്പ്, ജില്ലാ ജിയോളജിസ്റ്റിന്റെ കത്തുകൾ, ലൊക്കേഷൻ സ്കെച്ച് , കൈവശാവകാശ സർട്ടിഫിക്കറ്റ് , മണ്ണ് നീക്കം ചെയ്യേണ്ട പ്ലാൻ എന്നിവയുടെ പകർപ്പുകളും അപേക്ഷയോടൊപ്പം സമർപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നും ആയതിനാൽ, ജിയോളജിസ്റ്റ് റിപ്പോർട്ട് ചെയ്ത 794 ക്യൂബിക് മീറ്റർ മണ്ണ് നീക്കം ചെയ്യുന്നതിന് 2015-ലെ കെ.എം.എം.സി ചട്ടങ്ങളിലെ ചട്ടം 104 പ്രകാരം ശ്രീമതി സരസി രാജൻ, ആണത്ത് വീട്, പി.ജെ. ആൻറണി റോഡ്, പാലാരിവട്ടം, എറണാകുളം എന്ന വ്യക്തിക്ക് **നിബന്ധനകൾക്ക് വിധേയമായി** പ്രത്യേക അനുമതി നൽകാവുന്നതാണെന്ന് പരാമർശം (5) പ്രകാരം മൈനിംഗ് & ജിയോളജി ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ കൈപ്പട്ടൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 27ൽ റീസർവേ നമ്പർ 92/3-4-2ൽ പ്പെട്ടതും ശ്രീമതി സരസി രാജൻ, ആണത്ത് വീട്, പി.ജെ. ആൻറണി റോഡ്, പാലാരിവട്ടം, എറണാകുളത്തിന്റെ ഉടമസ്ഥതയിലുള്ളതുമായ സ്ഥലത്ത് വഴി നിർമ്മിക്കുന്നതിന് ജിയോളജിസ്റ്റ് റിപ്പോർട്ട് ചെയ്ത 794 ക്യൂബിക് മീറ്റർ മണ്ണ് നീക്കം ചെയ്യുന്നതിന് 2015 ലെ കെ.എം.എം.സി (ഭേദഗതി) ചട്ടങ്ങളിലെ ചട്ടം 104 പ്രകാരം **ചുവടെ ചേർക്കുന്ന നിബന്ധനകളോടെ** പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. അനുമതിയോടൊപ്പം അനുവദിക്കുന്ന ട്രാൻസിറ്റ് പാസുകൾചട്ടപ്രകാരം നിഷ്കർഷിച്ചിട്ടുള്ള വ്യക്തമായ രേഖപ്പെടുത്തലോടുകൂടി ഓരോ ലോഡിനും വെവ്വേറെ എന്നപ്രകാരം നൽകേണ്ടതാണ്.

2. ഉത്തരവുപ്രകാരം നീക്കംചെയ്യുന്ന ധാതുവിന്റെ അളവ് ഒരുതരത്തിലും 794 ക്യൂബിക് മീറ്റർ അധികരിക്കുവാൻ പാടില്ല.

3. അനുമതിയിൽ പറഞ്ഞിരിക്കുന്ന അളവിലുള്ള ധാതു നീക്കം ചെയ്ത് കഴിയുന്നമുറയ്ക്കോ, കാലാവധി പൂർണമായി അവസാനിക്കുന്നമുറയ്ക്കോ ധാതുനീക്കം അവസാനിപ്പിക്കേണ്ടതാണ്.

4. പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത രീതിയിലും, പരാതിക്കിടവരുത്താതെയും ധാതു നീക്കംചെയ്യേണ്ടതാണ്.

5.അനുമതിപ്രകാരം നീക്കംചെയ്യുന്ന ധാതു നീർത്തടങ്ങളിലോ, നിലങ്ങളിലോ, 2008 ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം നിരോധനമുള്ള സ്ഥലങ്ങളിൽ നിക്ഷേപിക്കുന്നതിനോ അവ നികത്തുന്നതിനോ ഉപയോഗിക്കുവാൻപാടില്ല.

6. പൊതു അവധി ദിവസങ്ങളിലും ബഹു. ജില്ലാ കളക്ടർ നിരോധനം ഏർപ്പെടുത്തിയിട്ടുള്ള സമയങ്ങളിലും ദുരന്തനിവാരണ അതോറിറ്റിയുടെ ഓറഞ്ച്, റെഡ് അലർട്ടുകളുള്ള സമയങ്ങളിലും യാതൊരുവിധ ധാതുനീക്കവും പാടില്ല.

7. പകൽ 6 മണിമുതൽ വൈകിട്ട് 6 മണിവരെയുള്ള സമയത്ത് മാത്രമേ വാഹനങ്ങളിൽ ധാതുനീക്കം പാടുള്ളൂ.

8.ധാതുനീക്കം സംബന്ധിച്ച കണക്കുകൾ കൃത്യമായി സൂക്ഷിക്കേണ്ടതും ആവശ്യപ്പെടുന്നമുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

9. ധാതുനീക്കംമൂലം സമീപവസ്തുവിന്റെ ലാറ്ററൽ സപ്പോർട്ട് നഷ്ടപ്പെട്ട് കഷ്ടനഷ്ടങ്ങളുണ്ടായാൽ ആയതിന്റെ പൂർണ്ണ ഉത്തരവാദിത്തം പെർമിറ്റുടമയിൽ നിക്ഷിപ്തമായിരിക്കും.

10. RDO അനുവദിച്ച NOC യിലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.

11. എറണാകുളം ജിയോളജിസ്റ്റ് ഉത്തരവ് തീയതി മുതൽ 3 മാസത്തിനുശേഷം സൈറ്റ് ഇൻസ്പെക്ഷൻ നടത്തി വസ്തുതാ അന്വേഷണ റിപ്പോർട്ട് മൈനിങ് & ജിയോളജി ഡയറക്ടർ മുഖേന സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

12. ചട്ടം 104 പ്രകാരം നൽകിയ പ്രത്യേകാനുമതി ദുരുപയോഗം ചെയ്തിട്ടുള്ളതായി തെളിയുകയാണെങ്കിൽ കെ.എം.എം.സി ചട്ടങ്ങൾ പ്രകാരം കർശന നിയമ നടപടി സ്വീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SABU ANTONY K
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി.സരസി രാജൻ, ആണത്ത് വീട്, പി,ജെ ആന്റണി റോഡ്, പാലാരിവട്ടം, എറണാകുളം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം
ജില്ലാ ജിയോളജിസ്റ്റ്, എറണാകുളം
വിവര പൊതുജന സമ്പർക്ക(വെബ് & ന്യൂമീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
Date: 01-01-2026 13:04:05
സെക്ഷൻ ഓഫീസർ